**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**

05-11-2025

പ്രസിദ്ധീകരണത്തിന്

## (1) സംസ്കൃത സർവ്വകലാശാല : എഫ്. വൈ. യു. ജി. പി. പരീക്ഷാ തീയതി പുതുക്കി നിശ്ചയിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ഒന്നാം സെമസ്റ്റർ എഫ്. വൈ. യു. ജി. പി. പരീക്ഷാ തീയതി പുതുക്കി നിശ്ചയിച്ചു. നവംബർ ആറിന് നടത്തുവാൻ നിശ്ചയിച്ചിരുന്ന പരീക്ഷയാണ് നവംബനർ 13ലേയ്ക്ക് മാറ്റിയത്. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## (2) സംസ്കൃത സർവ്വകലാശാല : യു. ജി. സി. പരീക്ഷാ പരിശീലനം ആരംഭിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും ന്യൂനപക്ഷക്ഷേമ വകുപ്പും സംയുക്തമായി ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന യു. ജി. സി. /സി. എസ്. ഐ. ആർ - ജെ. ആർ. എഫ് / നെറ്റ് പരീക്ഷാ പരിശീലനം സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ ആരംഭിച്ചു. രജിസ്ട്രാർ ഡോ. മോത്തി ജോർജ് പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. ഡോ. ജോസ് ആന്റണി അദ്ധ്യക്ഷനായിരുന്നു. ഡോ. എൻ. വി. മധുസൂദനൻ മുഖ്യപ്രഭാഷണം നടത്തി. മഞ്ജു കെ. എം. പ്രസംഗിച്ചു.

**ഫോട്ടോ അടിക്കുറിപ്പ് :** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയും ന്യൂനപക്ഷക്ഷേമ വകുപ്പും സംയുക്തമായി ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന യു. ജി. സി. പരീക്ഷാ പരിശീലനം കാലടി മുഖ്യ കാമ്പസിൽ രജിസ്ട്രാർ ഡോ. മോത്തി ജോർജ് ഉദ്ഘാടനം ചെയ്യുന്നു.

## (3) സംസ്കൃത സർവകലാശാലയുടെ മൂന്ന് പുസ്തകങ്ങൾ പ്രകാശിപ്പിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രസിദ്ധീകരണ വിഭാഗം പ്രസിദ്ധീകരിച്ച മൂന്ന് പുസ്തകങ്ങളുടെ പ്രകാശനം കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ വേദിയിൽ നടന്നു. എറണാകുളത്തപ്പൻ ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ പ്രൊഫ. എം. തോമസ് മാത്യു പുസ്തകങ്ങളുടെ പ്രകാശനം നിർവ്വഹിച്ചു. കേരളീയ സംസ്കൃത സാഹിത്യ ചരിത്രം - ആറ് വാല്യങ്ങൾ (വടക്കുംകൂർ രാജരാജവർമ്മരാജാ), കേരളീയ ചുമർചിത്രകലയിലെ സൗന്ദര്യദർശനം (ഡോ. സാജു തുരുത്തിൽ), റെസ്പോൺസ് ടു പോയട്രി (ഡോ. ജി. ബാലമോഹൻ തമ്പി) എന്നീ പുസ്തകങ്ങളുടെ പ്രകാശനമാണ് നടന്നത്. ശാന്തകുമാരിരാജാ വടക്കുംകൂർ കോവിലകം, സിൻഡിക്കേറ്റ് അംഗം ഡോ. ടി. മിനി, ഡോ. സുഭദ്ര എന്നിവർ യഥാക്രമം പുസ്തകങ്ങൾ ഏറ്റുവാങ്ങി. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി അദ്ധ്യക്ഷയായിരുന്നു. സിൻഡിക്കേറ്റ് അംഗം ഡോ. വി. ലിസി മാത്യു, ഡോ. ആർ. ശർമിള, സുഖേഷ് കെ. ദിവാകർ, മുഹമ്മദ് ഹാരിസ് എന്നിവർ പ്രസംഗിച്ചു. സർവ്വകലാശാല പ്രസിദ്ധീകരണങ്ങൾ ഓൺലൈനായി വില്പന നടത്തുന്നതിനുള്ള വെബ്സൈറ്റിന്റെ ലോഞ്ചിംഗ് വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി നിർവ്വഹിച്ചു.

**ഫോട്ടോ അടിക്കുറിപ്പ് :** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രസിദ്ധീകരിക്കുന്ന വടക്കുംകൂർ രാജരാജവർമ്മരാജാ രചിച്ച ആറ് വാല്യങ്ങളുള്ള കേരള സംസ്കൃത സാഹിത്യ ചരിത്രത്തിന്റെ പ്രകാശനം പ്രൊഫ. തോമസ് മാത്യു, ആദ്യ പ്രതി ശാന്തകുമാരിരാജാ വടക്കുംകൂർ കോവിലകത്തിന് നൽകി നിർവ്വഹിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി സമീപം.


**ജലീഷ് പീറ്റർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

ഫോൺ നം. 9447123075